(സി) പ്രസ്തുത ഡിസ്പെൻസറി ആശുപത്രിയായി ഉയർത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ലഭിച്ചിട്ടുണ്ട്.

(ബി) കണ്ണൂർ ജില്ലാ മൃഗസംരക്ഷണ ഓഫീസറോട് ഇക്കാര്യം പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) ഇതു സംബന്ധിച്ച റിപ്പോർട്ട് ലഭിച്ചശേഷം പരിശോധിക്കുന്നതാണ്.

148 (2462) പാലോട് വെറ്ററിനറി ബയോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലോട് വെറ്ററിനറി ബയോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം വിപുലീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷം എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) സ്വീകരിച്ച നടപടികളുടെ പുരോഗതി വിശദീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി)&(സി) വാക്സിനുകൾ ഉല്പാദിപ്പിക്കുന്നതിന് ആധുനിക സൗകര്യങ്ങളോടുകൂടിയ ഒരു ലബോറട്ടറിയുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. ഇൻസ്റ്റിറ്റ്യൂട്ടിനെ ഒരു സ്വയംഭരണ സ്ഥാപനമാക്കി മാറ്റുന്ന കാര്യവും പരിഗണിച്ചുവരുന്നു. ലബോറട്ടറിയുടെ പ്രവർത്തനം ഈ വർഷം തന്നെ ആരംഭിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

149 (2463) മിൽമയുടെ പുന്നപ്രയിലെ സെൻട്രൽ പ്രോഡക്ട്സ് ഡയറി

ശ്രീ. പി.ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിൽമയുടെ പുന്നപ്രയിലെ സെൻട്രൽ പ്രോഡക്ട്സ് ഡയറിയിൽ 'റിഫ്രഷ്' മാംഗോ ജ്യൂസ് നിർമ്മാണത്തിന് 1999 ഏപ്രിൽ, ജൂൺ മാസങ്ങളിൽ കാലാവധി കഴിഞ്ഞ മാമ്പഴ പൾപ്പ് ഉപയോഗിച്ചുവെന്ന ആരോപണം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(ബി) കേരള ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ പക്കൽ മാംഗോ പൾപ്പ് ഉണ്ടായിരുന്നിട്ടും തമിഴ്നാട്ടിൽനിന്നും കർണ്ണാടകത്തിൽ നിന്നും നിലവാരം കുറഞ്ഞ പൾപ്പാണ് വാങ്ങുന്നതെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly